ILDM

Prepared By : Team ILDM

# കേരള നെൽവയൽ – തണ്ണീർത്തട സംരക്ഷണ നിയമം 2008

## കേരള നെൽവയൽ – തണ്ണീർത്തട സംരക്ഷണ നിയമം 2008

കേരളത്തിലെ അവശേഷിക്കുന്ന നെൽവയലുകളും, ജലാശയങ്ങളും, നീർത്തടങ്ങളും സംരക്ഷിക്കുക എന്ന സദുദ്ദേശത്തോടെ സംസ്ഥാന സർക്കാർ പാസ്സാക്കിയ നിയമമാണ് നെൽവയൽ-തണ്ണീർത്തട നിയമം. കാര്യക്ഷമമമായി ഈ നിയമം നടപ്പിലാക്കപ്പെടേണ്ടത് വരുംതലമുറയ്ക്കായി ചെയ്യുന്ന വലിയ കർമ്മങ്ങളിലൊന്നാണ് എന്ന കാര്യം തർക്കമില്ലാത്തതാണ്.

S-2 (xii) - **നെൽവയൽ** - വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നെൽകൃഷി ചെയ്യുന്നതോ അല്ലെങ്കിൽ നെൽകൃഷിയ്ക്കനുയോജ്യമായതും എന്നാൽ കൃഷി ചെയ്യാതെ തരിശിട്ടിരിയ്ക്കുന്നതുമായ എല്ലാത്തരം നിലവും അതിന്റെ അനുബന്ധ നിർമ്മിതികളായ ചിറകളും, ജലനിർഗ്ഗമന ചാലുകളും, കുളങ്ങളും, കൈത്തോടുകളും ഉൾപ്പെടുന്നു.

S-2 (xviii) – തണ്ണീർത്തടം - കായലുകൾ അഴിമുഖങ്ങൾ, ചേറ്റുപ്രദേശങ്ങൾ, കടലോരക്കായലുകൾ, കണ്ടൽക്കാടുകൾ, ചതുപ്പുനിലങ്ങൾ, ഓരുള്ള ചതുപ്പുനിലങ്ങൾ, ചതുപ്പിലെ കാടുകൾ (ഇതിൽ നെൽവയലുകളും നദികളും ഉൾപ്പെടുന്നില്ല) എന്നിവ ഉൾപ്പെടുന്നു.

S- (3)- ഈ നിയമം നിലവിൽ വന്ന അന്നു മുതൽ (12/08/2008) സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ അതേപോലെ കാത്തു സൂക്ഷിയ്ക്കേണ്ടതും അവ രൂപാന്തരപ്പെടുത്തുന്നതിനും അവയിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനും പൂർണ്ണ നിരോധനം ഉണ്ടായിരിയ്ക്കുന്നതുമാണ്.

S-2 (xii) & S-2 (xviii) എന്നിവയുടെ പരിധിയ്ക്കുള്ളിൽ വരുന്ന സ്ഥലങ്ങൾ മാത്രമേ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാവുകയുള്ളൂ.

**സെക്ഷൻ 5(2)–പ്രാദേശികതല നിരീക്ഷണ സമിതി (കാലാവധി 3 വർഷം)**

| | | | |
|---|---|---|---|
| 1) | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പാലിറ്റി ചെയർമാൻ/ കോർപ്പറേഷൻ മേയർ | - | ചെയർമാൻ |
| 2) | കൃഷി ആഫീസർ | - | കൺവീനർ |
| 3) | വില്ലാജ് ആഫീസർ | - | അംഗം |
| 4) | കൃഷി ആഫീസർ സമർപ്പിയ്ക്കുന്ന ആറ് നെൽക്കർഷകരുടെ പാനലിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന 3 പേർ | - | അംഗങ്ങൾ |

നെൽവയലിന്റെ ഉടമസ്ഥന് താമസിയ്ക്കുന്നതിനായി വീട് വയ്ക്കുന്നതിന് നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ കൃഷി ആഫീസറുടേയും വില്ലേജാഫീ

സറുടേയും അന്വേഷണ റിപ്പോർട്ടുകളുടെയും മറ്റ് അന്വേഷണങ്ങളുടെയും അടിസ്ഥാനത്തിൽ പ്രാദേശികതല നിരീക്ഷണ സമിതി തങ്ങളുടെ ശുപാർശ സഹിതം പരമാവധി 60 ദിവസത്തിനകം ജില്ലാതല അധികൃത സമിതിയുടെ പരിഗണനയ്ക്കായി അയച്ചു കൊടുക്കേണ്ടതാണ്. (ചട്ടം5(2))

ഇങ്ങനെ ലഭിയ്ക്കുന്ന അപേക്ഷകൾ "നെൽവയലിന്റെ രൂപാന്തരപ്പെടുത്തൽ പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്നു കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിയ്ക്കുകയില്ലെന്നും നെൽവയലിന്റെ ഉടമസ്ഥനോ കുടുംബത്തിനോ ഈ ആവശ്യത്തിനു പറ്റിയ സ്ഥലം ആ ജില്ലയിൽ സ്വന്തമായി ഇല്ലെന്നും കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിനുവേണ്ടിയാണെന്നും പ്രസ്തുത നെൽവയൽ മറ്റ് നെൽവയലുകളാൽ ചുറ്റപ്പെട്ടു കിടക്കുന്നതല്ലെന്നും" പ്രാദേശികതല സമിതി ശുപാർശ ചെയ്താൽ മാത്രമേ ആർ.ഡി.ഒ ചെയർമാനായ ജില്ലാതല സമിതി പരിഗണിയ്ക്കാവൂ. *[S-9(8)]*

കൂടാതെ പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുവാൻ ജില്ലാതല സമിതി അനുവാദം നൽകുവാൻ പാടില്ല. *[S-9(1)]*

ലഭ്യമാകുന്ന ശുപാർശകളിൽ ജില്ലാതല സമിതി ഒരു മാസത്തിനകം തീരുമാനം എടുക്കേണ്ടതാണ്. *[S-9(5)]*

**അപ്പീൽ:-** ജില്ലാതല സമിതിയുടെ തീരുമാനത്തിനെതിരെ തീരുമാനം കൈപ്പറ്റി ഒരുമാസത്തിനകം ജില്ലാ കളക്ടറ്ക്ക് അപ്പീൽ നൽകാം. *[S-9(6)]*

അപ്പീൽ ലഭിച്ച് ഒരു മാസത്തിനകം ജില്ലാ കളക്ടർ തീരുമാനമെടുക്കണം.*[S-9(7)]*

പൊതു ആവശ്യത്തിനായി നെൽവയൽ പരിവർത്തനം ചെയ്യുന്നതിനുള്ള അപേക്ഷകൾ പൊതു ആവശ്യം, വിസ്തൃതി, മറ്റ് സ്ഥലങ്ങളുടെ അഭാവം തുടങ്ങിയവ സംബന്ധിച്ച തങ്ങളുടെ വ്യക്തമായ ശുപാർശ സഹിതം പ്രദേശികതലസമിതി പരമാവധി 60 ദിവസത്തിനകം സംസ്ഥാനതല സമിതിയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്. [ചട്ടം 5(3)]

പൊതു ആവശ്യത്തിനായി നെൽവയൽ നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ പ്രാദേശികതല സമിതി ശുപാർശ ചെയ്തിട്ടുള്ള ഓരോ അപേക്ഷയും പരിശോധിച്ച് ആ പ്രദേശത്ത് നെൽവയലല്ലാതെ മറ്റൊരു സ്ഥലം ലഭ്യമാണോ എന്നും നെൽവയൽ

നികത്തുന്നതു മൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ചും വിശദമായ പരിശോധന നടത്തി സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. *[s-8(3)]*

പരിവർത്തനം ചെയ്യുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്യുകയും സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ചേർന്നു കിടക്കുന്ന നെൽവയലിലെ കൃഷിയേയോ ആ പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയേയോ ദോഷകരമായി ബാധിയ്ക്കുകയില്ലെന്നും ബോദ്ധ്യപ്പെടുകയും ചെയ്താലല്ലാതെ നിയമത്തിലെ വ്യവസ്ഥകളിൽ നിന്നുള്ള യാതൊരു ഒഴിവാക്കലും സർക്കാർ അനുവദിയ്ക്കുവാൻ പാടുള്ളതല്ല. *[s-10(2)]*

<u>ഡാറ്റാ ബാങ്ക്</u>

ആക്ട് നിലവിൽ വന്ന തീയതി (12/08/08) മുതൽ മൂന്നു മാസത്തിനകം പ്രസ്തുത തീയതിയിൽ കൃഷി യോഗ്യമായ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും സർവ്വെ നമ്പരും വിസ്തൃതിയും ഉൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ ഡാറ്റാ ബാങ്ക് തയ്യാറാക്കി ചട്ടം 4(2) ബി പ്രകാരം ആവശ്യമായ തിരുത്തലുകൾ വരുത്തി ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറി മുഖേന വിജ്ഞാപനം ചെയ്യിച്ച് അതത് തദ്ദേശ ഭരണ സ്ഥാപനത്തിലും വില്ലേജ് ആഫീസിലും പ്രദർശിപ്പിയ്ക്കുക. തരിശിട്ടിരിയ്ക്കുന്ന വയലുകളിൽ കൃഷി ചെയ്യിക്കുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തുക. ആക്ട് നിലവിൽ വരുന്നതിനു മുമ്പ് അന്ന് പ്രാബല്യത്തിലുള്ള നിയമത്തിലെ (KLU Order) വ്യവസ്ഥകൾക്ക് വിരുദ്ധമായി രൂപാന്തരപ്പെടുത്തിയ നെൽവയലുകൾ സംബന്ധിച്ച റിപ്പോർട്ട് RDO-യ്ക്ക് നൽകുക എന്നിവ പ്രാദേശികതല സമിതിയുടെ ചുമതലകളാണ്. *[s-4)]*

ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടുള്ള ഏതൊരു പ്രവൃത്തിയും RDO-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് റിപ്പോർട്ടിങ്ങ് ആഫീസറായ കൃഷി ഓഫീസറുടെ ഉത്തരവാദിത്തമാണ്. *[s-7]*

2011-ലെ ഭേദഗതി ആക്ട് വില്ലേജാഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ റവന്യൂ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി സർക്കാർ നിയമിച്ചിട്ടുണ്ട്. *[s-12]*

ടി ഉദ്യോഗസ്ഥർക്ക് ആക്ടിലെ വ്യവസ്ഥകൾ ലംഘിയ്ക്കപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിയ്ക്കുന്നതിനായി എല്ലാ സന്നാഹത്തോടെയും അതുമായി ബന്ധപ്പെട്ട ഏതു സ്ഥലത്തും പ്രവേശിക്കാവുന്നതും ആക്ട് പ്രകാരമുള്ള ഏതെങ്കിലും കുറ്റം തടയുന്നതിനും

വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ച വാഹനങ്ങളും ഉപകരണങ്ങളും പിടിച്ചെടുക്കുവാനും ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതൊരു പ്രവർത്തനവും നിർത്തിവയ്ക്കുവാൻ ആവശ്യപ്പെടുവാനും ഉള്ള അധികാരം ഉണ്ടായിരിയ്ക്കും. പിടിച്ചെടുക്കുന്ന വാഹനങ്ങളോ ഉപകരണങ്ങളോ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിനായി ജില്ലാകളക്ടർക്ക് ഒരു റിപ്പോർട്ട് അയയ്ക്കേണ്ടതുമാണ്. *[s-19]*

ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ ഏതെങ്കിലും നെൽവയലോ തണ്ണീർത്തടമോ പൂർവ്വാവസ്ഥയിൽ കൊണ്ടുവരുന്നതിനായി ജില്ലാകളക്ടർക്ക് ഉചിതമെന്നു തോന്നുന്ന നടപടി കൈകൊള്ളാവുന്നതും ഇതിലേയ്ക്കായി ചെലവഴിയ്ക്കേണ്ടി വന്ന തുക പ്രസ്തുത നെൽവയലിന്റെയോ തണ്ണീർത്തടത്തിന്റെയോ അധിവാസിയിൽ നിന്നോ അനുഭവക്കാരനിൽ നിന്നോ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയശേഷം ഈടാക്കാവുന്നതുമാണ്. *[s-13 ജില്ലാകളക്ടറുടെ അധികാരം]*

സെക്ഷൻ 12,19 എന്നിവ പ്രകാരമുള്ള പിടിച്ചെടുക്കൽ സംബന്ധിച്ച റിപ്പോർട്ട് ജില്ലാകളക്ടർക്ക് ലഭിച്ചാൽ അദ്ദേഹത്തിന് ഉചിതമെന്നു തോന്നുന്ന പക്ഷം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടാൻ, ഉത്തരവിടാവുന്നതാണ്. എന്നാൽ കണ്ടുകെട്ടുന്നതിനു പകരം ടി സാമഗ്രികളുടെ ജില്ലാകളക്ടർ നിശ്ചയിയ്ക്കുന്ന വിലയുടെ ഒന്നര മടങ്ങ് തുക കെട്ടിവയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യം അതിന്റെ ഉടമയ്ക്കോ സൂക്ഷിപ്പുകാരനോ നൽകേണ്ടതാണ്. *[s-20]*

കണ്ടുകെട്ടികൊണ്ടുള്ള യാതൊരു ഉത്തരവും അതിന്റെ ഉടമസ്ഥന് പറയുവാനുള്ളത് പറയുവാനുള്ള ഒരവസരം നൽകിയിട്ടില്ലാതെ ജില്ലാകളക്ടർ പുറപ്പെടുവിയ്ക്കാൻ പാടില്ല. *[s-20 9(2)]*

ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ജില്ലാ കോടതി മുമ്പാകെ കണ്ടുകെട്ടലിനെതിരെ അപ്പീൽ നൽകാവുന്നതാണ്. *[s-21]*

കണ്ടുകെട്ടൽ നടപടി അത് ബാധകമായ ആൾക്ക് ഈ ആക്ട് പ്രകാരമുള്ള മറ്റു ശിക്ഷകൾ നൽകുന്നതിനെ ബാധിയ്ക്കയില്ല. *[s-22]*

കുറ്റസ്ഥാപനത്തിന്മേൽ ആറുമാസത്തിൽ കുറയ്ക്കാൻ പാടില്ലാത്തതും എന്നാൽ 2 വർഷം വരെ ആകാവുന്നതുമായ തടവും 50,000 രൂപയിൽ കുറയാൻ പാടില്ലാത്തതും ഒരു ലക്ഷം രൂപ വരെ ആകാവുന്നതുമായ പിഴയും ശിക്ഷ നൽകാവുന്നതാണ്. *[s-23]*

ജില്ലാകളക്ടറുടെ ഉത്തരവിനെതിരെയുള്ള റിവിഷൻ സർക്കാരിനു മുമ്പാകെ (കർഷി കോൽപ്പാദന കമ്മീഷണർ കൃഷി (NCA) വകുപ്പ്) നൽകാവുന്നതാണ്. *[s-28]*

ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനം ചെയ്യുകയോ രൂപാന്ത രപ്പെടുത്തുകയോ ചെയ്ത ഏതെങ്കിലും നെൽവയലിലോ, തണ്ണീർത്തടത്തിലോ ഏതെ ങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകാൻ പാടില്ല. *[s-14]*

## KLU ഉത്തരവ് 1967 – അനുമതിയ്ക്കായുള്ള അപേക്ഷ–നടപടിക്രമങ്ങൾ

KLU ഉത്തരവ് പ്രകാരമുള്ള അനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷയിൽ തീരു മാനമെടുക്കുന്നതിന് മുമ്പായി വില്ലേജാഫീസറുടെ സ്ഥലപരിശോധനാ റിപ്പോർട്ട് ലഭ്യമാ ക്കുകയോ RDO/ കളക്ടർ നേരിട്ടോ ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയോഗിച്ചോ സ്ഥലപരി ശോധന നടത്തുകയോ ചെയ്യണം.

അനുമതി നൽകുന്നതിന് മുമ്പ് സമീപ സ്ഥലങ്ങളിലേയ്ക്കുള്ള drainage തടസ്സ പ്പെടുന്നില്ല എന്നുറപ്പു വരുത്തണം. വാണിജ്യാവശ്യങ്ങൾക്കായുള്ള large scale conversion നിരുത്സാഹപ്പെടുത്തണം വലിയ വിസ്തീർണ്ണമുള്ള ഭൂമി തരം മാറ്റി ചെറിയ പ്ലോട്ടുകളാക്കു ന്നതിനുള്ള പ്രവണത അനുവദിയ്ക്കുവാൻ പാടില്ല. അതുപോലെ ഏലം കൃഷിചെയ്തു കൊണ്ടിരുന്ന ഭൂമി മറ്റാവശ്യങ്ങൾക്കായി (നെൽകൃഷിയ്ക്കായി പോലും) ഉപയോഗിക്കു വാൻ അനുവാദം നൽകുവാൻ പാടില്ല. മറ്റു ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്ന ഭൂമി നെൽകൃ ഷിയ്ക്കായാണ് പരിവർത്തനം ചെയ്യുന്നതെങ്കിൽ അനുമതി ആവശ്യമില്ല.

തീരുമാനമെടുക്കുന്നതിനു മുമ്പായി അപേക്ഷകന് നോട്ടീസ് നൽകി അയാൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകേണ്ടതാണ്.

## KLU ഫയലുകൾ- ചെക്ക് ലിസ്റ്റ്

1. അപേക്ഷ വസ്തുവിന്റെ വിസ്തീർണ്ണം :
2. അപേക്ഷകന് സ്വന്തമായിട്ടുള്ള ആകെ : നിലം-
   വസ്തുക്കൾ പുരയിടം- <br> പുരയിടം
3. അപേക്ഷകന്റെ ജോലി :
4. അപേക്ഷകന്റെ നെൽവയൽ-തണ്ണീർത്തട നിയമത്തിൽ ഉൾപ്പെടുന്നുണ്ടോ എന്ന് ആർ.ഡി.ഒ/വി.ഒ/എ.ഒ പരിശോധിച്ചിട്ടുണ്ടോ? :
5. അഗ്രികൾച്ചറൽ ഓഫീസറുടെ പരിശോധന റിപ്പോർട്ടിലെ ശുപാർശ :
6. വില്ലേജ് ഓഫീസർ ശുപാർശ :
7. ആർ.ഡി.ഒ സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ :
8. ആർ.ഡി.ഒയുടെ ശുപാർശ? :
9. KLU 6(1) (2) പ്രകാരം അപേക്ഷിക്കുവാനുണ്ടായ കാരണം അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ടോ? :
10. ടി വസ്തുവിൽ അനധികൃതമായി നികത്തുലുമായി ബന്ധപ്പെട്ട് നിരോധന ഉത്തരവ് നല്കിയിരുന്നോ? :

## നെൽവയൽ - തണ്ണീർതട നിയമം-ചെക്ക് ലിസ്റ്റ്

1. ജില്ല തല തീരക്ഷണ സമിതിയിലെ അംഗസംഖ്യ :
2. ഈ ഫയൽ പരിഗണിക്കുമ്പോൾ ഹാജരായ അംഗങ്ങൾ :
3. ഏകാഭിപ്രായമായിരുന്നോ :
4. ഏതിരഭിപ്രായം എന്തായിരുന്നു :
5. അപേക്ഷകന്റെ കുടുംബ വസ്തു വിവരം :
6. അപേക്ഷകന്റെ പേരിലുള്ള വസ്തുക്കൾ :
7. അപേക്ഷകന്റെ ഭാര്യയുടെ പേരിലുള്ള വസ്തുക്കളെൾ :
8. ജില്ലയിലെ മറ്റു താലൂക്കുകളിൽ വസ്തു ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ? :
9. അപേക്ഷകന് നിലത്തിൽ എത്ര വർഷമായി നെൽ കൃഷി ചെയ്തു വരുന്നു :
10. നികത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുള്ള നിലത്തിന് ചേർന്നു ജലനിർഗമ ചാലുകൾ ഉണ്ടോ? :
11. Data Bank -ലെ രേഖപ്പെടുത്തൽ ഏതു വിധം :
12. Date Bank ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ടോ?